©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഒക്ടോബർ 23<br>23rd October 2018<br>1194 തുലാം 6<br>6th Thulam 1194<br>1940 കാർത്തികം 1<br>1st Karthika 1940 | നമ്പർ<br>No. | 42 |

# PART III

# Irrigation Department

പുനർ ലേലപ്പരസ്യം

നമ്പർ എ5-1577/2014.

2018 ഒക്ടോബർ 12.

കേരള ഗവർണ്ണർക്കുവേണ്ടി താഴെപ്പറയുന്ന ഉപയോഗയോഗ്യമല്ലാത്ത ഡിപ്പാർട്ടുമെന്റ് മെഷിനറികൾ താഴെ പറയുന്ന തീയതിയിലും സ്ഥലത്തും വെച്ച് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി ഡിവിഷൻ നമ്പർ-3 എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

| ക്രമ നമ്പർ | ഡിവിഷൻ എസ്. ആർ. നമ്പർ | ഇനവിവരം | ലേല തീയതിയും സമയവും | ` നിരതദ്രവ്യം |
|---|---|---|---|---|
| 1 | S. R. No. 4/2014-15 | ഡീസൽ റോഡ് റോളർ<br>Reg. No. GRW: 73533354 | 13-11-2018<br>11. 30 മണിക്ക് | 7,500 |
| 2 | S. R. No. 5/2014-15 | ഡീസൽ റോഡ് റോളർ<br>Reg. No. 18003204 | 13-11-2018<br>12 മണിക്ക് | 17,500 |
| 3 | S. R. No. 11/2014-15 | കൺസോളിഡേറ്റഡ് ന്യൂമാറ്റിക് കംപ്രസർ ALU-370/33 | 13-11-2018 ഉച്ചകഴിഞ്ഞ്<br>1 മണിക്ക് | 15,000 |
| 4 | S. R. No. 17/2014-15 | ഡീസൽ റോഡ് റോളർ (J-8793)<br>Reg. No. KL 17A-2298 | 13-11-2018 ഉച്ചകഴിഞ്ഞ്<br>2 മണിക്ക് | 24,000 |

Gaz. No. 42/2018/DTP (Irrigation).

ലേലസ്ഥലം-എം. വി. ഐ. പി. കൂത്താട്ടുകുളം ഓഫീസ് കോംപ്ലക്സ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി മുകളിൽ കാണിച്ചിരിക്കുന്ന നിരക്കിലുള്ള നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്.

ടി ആവശ്യത്തിലേക്കായി മുദ്രവച്ച ക്വട്ടേഷനുകളും സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകൾക്ക് പ്രസ്തുത ഫോറം ഉണ്ടായിരിക്കുന്നതല്ല. മുദ്രവച്ച ക്വട്ടേഷനുകൾ ലേലത്തിന്റെ തലേ ദിവസം 4 മണിവരെ രജിസ്റ്റേർഡ് തപാൽ/നേരിട്ട് മൂവാറ്റുപുഴ എം. വി. ഐ. പി. ഡിവിഷൻ നമ്പർ-3 ഓഫീസിൽ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം മുകളിൽ പറഞ്ഞിരിക്കുന്ന നിരതദ്രവ്യം ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും മൂവാറ്റുപുഴ എം. വി. ഐ. പി. ഡിവിഷൻ നമ്പർ-3, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. തുക ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഉള്ളടക്കം ചെയ്യാത്തതും താമസിച്ചു ലഭിക്കുന്നതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ക്വട്ടേഷൻ സമർപ്പിച്ചവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലാനന്തരം ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക ലേലം കൊണ്ടോ ക്വട്ടേഷൻ കൊണ്ടോ സമർപ്പിച്ചയാളുടെ പേർക്ക് ക്വട്ടേഷൻ/ലേലം താൽക്കലികമായി ഉറപ്പിക്കുന്നതും ലേലത്തുകയും 5% സെക്യൂരിറ്റിയും നിലവിലുള്ള ജി.എസ്.ടി. 18 ശതമാനവും ചേർത്തുള്ള തുക ലേല സ്ഥലത്തുവെച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. സെക്യൂരിറ്റി തുക എക്സിക്യൂട്ടീവ് എൻജിനീയർ, എം.വി.ഐ.പി. ഡിവിഷൻ നമ്പർ-3, മൂവാറ്റുപുഴയുടെ പേരിൽ പ്ലഡ്ജ് ചെയ്ത് ഡിമാന്റ് ഡ്രാഫ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്. ലേലം ഉറപ്പിച്ച വിവരത്തിന് നോട്ടീസ് കിട്ടിയശേഷം മാത്രമേ സ്ഥലത്തുനിന്നും മെഷീനറികൾ നീക്കം ചെയ്യാൻ പാടുള്ളു. കൂടുതൽ വിവരത്തിന് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. എന്തെങ്കിലും കാരണവശാൽ അന്നേദിവസം ലേലം നടത്തുവാൻ സാധിക്കാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മറ്റൊരു നോട്ടീസ് കൂടാതെ ലേലം നടത്തുന്നതായിരിക്കും. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ക്വട്ടേഷൻ/ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കുന്നതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
എം.വി.ഐ.പി. ഡിവിഷൻ നമ്പർ-3,
മൂവാറ്റുപുഴ.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.